**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **05-08-2021 - ൽ മറുപടിയ്ക്ക്**

**സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ വിവിധ വികസനപദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ വിവിധ വികസന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് അതാത് ക്ലൈന്റ് ഡിപ്പാർട്ട്മെന്റാണ് സ്ഥലം കൈമാറി നൽകുന്നത്. ചില സന്ദർഭങ്ങളിൽ അതാത് വകുപ്പുകളിൽ നിന്നും തടസ്സരഹിത ഭൂമി വിട്ടുകിട്ടുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ട് വകുപ്പുകളുമായും നിരന്തരം ഇടപെടുകയും തടസ്സരഹിത ഭൂമി വിട്ടുകിട്ടാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നുണ്ട്.<br><br>പാലങ്ങൾ, റോഡുകൾ ഇവയ്ക്ക് റവന്യൂ വകുപ്പ് മുഖേനയാണ് സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സരഹിത ഭൂമി വിട്ടുകിട്ടുന്നതിന് നേരിടേണ്ടി വരുന്ന കാലതാമസം പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും ജനപ്രതിനിധികളുമായും നിരന്തരം ഇടപെടുകയും തടസ്സരഹിത ഭൂമി വിട്ടുകിട്ടുവാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ജില്ലാകളക്ടറും ലാൻഡ് അക്വിസിഷൻ ഓഫീസറുമായി ബന്ധപ്പെട്ട് അവലോകന യോഗം നടത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സ്ഥലമേറ്റെടുക്കുന്നതിലെ കാലതാമസം ലഘൂകരിക്കുന്നതിന് LARR Act 2013 |

| | | | |
|---|---|---|---|
| | | | പ്രകാരം ദ്രുതഗതിയിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചും പുനരധിവാസ പാക്കേജുകൾ നടപ്പിലാക്കിയും ആയത് പരിഹരിക്കുന്നതാണ്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന് പണം ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പലപ്പോഴും കൂടുതൽ തുക പിന്നീട് നൽകേണ്ടി വരുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന് പണം ലഭ്യമാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം പലപ്പോഴും കൂടുതൽ തുക നൽകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 (LARR Act) പ്രകാരമുള്ള തുക അനുവദിച്ചു കൊണ്ട് കോടതി വ്യവഹാരങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വികസന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ